*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

*No. ICT Cell/1771/2/DGE-HSE/2024* *28/05/2024*

# ഹയർസെക്കണ്ടറി ഏകജാലകപ്രവേശനം 2024

## ട്രയൽ അലോട്ട്മെൻറ്:അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

### സാധ്യതാലിസ്റ്റ്

പ്ലസ്സ് വൺ ഏകജാലക പ്രവേശനത്തിൻെറ ട്രയൽ അലോട്ട്മെൻറ് റിസൾട്ട് 2024 മേയ് 29 ന് രാവിലെ 10 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിൻെറ അഡ്മിഷൻ ഗേറ്റ്‌വേ ആയ **www.admission.dge.kerala.gov.in** എന്ന വെബ്സൈറ്റിലെ **"Click for Higher Secondary Admission"** എന്ന ലിങ്കിലൂടെ ഹയർസെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് Candidate Login-SWS എന്നതിലൂടെ ലോഗിൻ ചെയ്ത് ക്യാൻഡിഡേറ്റ് ലോഗിനിലെ Trial Results എന്ന ലിങ്കിലൂടെ അപേക്ഷകർക്ക് ട്രയൽ റിസൾട്ട് പരിശോധിക്കാവുന്നതാണ്. ട്രയൽ റിസൾട്ട് പരിശോധിക്കുന്നതിന് വേണ്ട സാങ്കേതിക സൗകര്യങ്ങൾ അപേക്ഷകർക്ക് വീടിനടുത്തുള്ള സർക്കാർ /എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ ഹെൽപ്പ് ഡെസ്കുകളിൽ നിന്നും തേടാവുന്നതാണ്.

ട്രയൽ അലോട്ട്മെൻറിനെക്കുറിച്ച് ഏകജാലകപ്രവേശനത്തിൻെറ പ്രോസ്പെക്ടസിൽ നിങ്ങൾ വായിച്ചിട്ടുണ്ടാകുമല്ലോ? 2024 ജൂൺ 5 ന് പ്രസിദ്ധീകരിക്കുന്ന ആദ്യ അലോട്ട്മെൻറിൻെറ ഒരു സാധ്യതാ ലിസ്റ്റ് മാത്രമാണ് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ്.അതു കൊണ്ട് തന്നെ ട്രയൽ റിസൾട്ട് പ്രകാരം ലഭിക്കുന്ന അലോട്ട്മെൻറ് ലെറ്റർ ഉപയോഗിച്ച് ഒരു സ്കൂളിലും പ്രവേശനം നേടാനാകില്ല. പ്രവേശനം നേടുന്നതിന് ആദ്യ അലോട്ട്മെൻറ് ലിസ്റ്റ് വരുന്നത് വരെ കാത്തിരിക്കണം.എന്നാൽ നിങ്ങളുടെ അപേക്ഷാ വിവരങ്ങളിൽ തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവ തിരുത്തുവാനുള്ള അവസാന അവസരമാണ് ഈ ട്രയൽ അലോട്ട്മെൻറ്. കൂടാതെ ഈ ഘട്ടത്തിൽ ആവശ്യമെങ്കിൽ നേരത്തെ നൽകിയ ഓപ്ഷനുകൾ പുന:ക്രമീകരിക്കുകയോ, പുതിയവ കൂട്ടിച്ചേർക്കുകയോ ചെയ്യാം.

## WGPA യും അപേക്ഷാവിവരങ്ങളും പരിശോധിക്കണം

ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് എല്ലാ അപേക്ഷകരും നിർബന്ധമായും പരിശോധിക്കണം. അപേക്ഷാ വിവരങ്ങളും WGPA യും കൃത്യമാണെന്ന് ഉറപ്പു വരുത്തണം. WGPA കണക്കാക്കുന്ന രീതി പ്രോസ്പെക്ടസിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെന്ന് കരുതുന്നു.

## തിരുത്തുവാൻ കഴിയുന്ന അപേക്ഷാ വിവരങ്ങൾ

അപേക്ഷാ വിവരങ്ങളിൽ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ ഇനിയും വരുത്താവുന്നതാണ്.അലോട്ട്മെൻറിനെ നിർണ്ണായകമായി സ്വാധീനിക്കുന്ന ജാതി സംവരണ വിവരങ്ങൾ,ബോണസ് പോയിൻറ് ലഭിക്കുന്ന വിവരങ്ങൾ, താമസിക്കുന്ന പഞ്ചായത്തിൻേറയും താലൂക്കിൻേറയും വിവരങ്ങൾ (അപേക്ഷകൻെറ സ്ഥിര മേൽ വിലാസത്തെ അടിസ്ഥാനപ്പെടുത്തി) ,ടൈ ബ്രേക്കിന് പരിഗണിക്കുന്ന മറ്റ് പാഠ്യേതര പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ(കലാകായിക മേളകൾ,ക്ലബുകൾ മുതലായവ) എന്നിവ സംബന്ധിച്ച് നിങ്ങളുടെ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പ് വരുത്തണം.ഇത്തരം വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയിരുന്നാൽ പ്രവേശനം നിഷേധിക്കപ്പെടും.അതുകൊണ്ട് തിരുത്തലുകൾ വരുത്തുവാനുള്ള ഈ അവസാന അവസരം ഫലപ്രദമായി വിനിയോഗിക്കുക. **ക്യാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാൻ ഉപയോഗിച്ച വിവരങ്ങൾ ഒന്നും തന്നെ തിരുത്തുവാനോ മാറ്റം വരുത്തുവാനോ സാധിക്കുകയില്ല.**

ചില അപേക്ഷകളിൽ ജാതി,കാറ്റഗറി മുതലായ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ ചില പൊരുത്തക്കേടുകൾ കാണുന്നുണ്ട്. ഉദാഹരണമായി ഈഴവ എന്ന് ജാതി രേഖപ്പെടുത്തിയ ചില അപേക്ഷകർ കാറ്റഗറിയായി ETB എന്നതിന് പകരം ഹിന്ദു ഒ.ബി.സി എന്നാണ് രേഖപ്പെടുത്തിക്കാണുന്നത്. ഇത്തരം തെറ്റുകൾ തിരുത്താതിരുന്നാൽ അലോട്ട്മെൻറ് ലഭിച്ചാലും പ്രവേശനം ലഭിക്കില്ല. **യോഗ്യതാ സർട്ടിഫിക്കറ്റിലെ/മാർക്ക് ലിസ്റ്റിലെ എല്ലാ കാറ്റഗറികളും അപേക്ഷയിലേക്ക് അതേപോലെ പകർത്താൻ സാധിക്കില്ല. ഉദാഹരണത്തിന് ഈഴവ,മുസ്ലീം,മറ്റ് പിന്നോക്ക ഹിന്ദു വിഭാഗങ്ങൾ ,പിന്നോക്ക ക്രിസ്ത്യൻ, ലത്തീൻ കത്തോലിക്ക, ധീവര , വിശ്വകർമ, കുശവൻ , കുടുംബി എന്നിവ യോഗ്യതാ സർട്ടിഫിക്കറ്റിൽ പൊതുവേ OBC എന്നായിരിക്കും രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രവേശന പ്രക്രിയയിൽ ഇവയോരോന്നും പ്രത്യേക കാറ്റഗറികളാണ്.ഓരോ ജാതിയുടേയും കാറ്റഗറികൾ മനസ്സിലാക്കുന്നതിന് പ്രോസ്പെക്ടസിൻെറ അനുബന്ധം 2 നോക്കുക. അതുപോലെ തന്നെ അനുബന്ധം 2 ലെ Other Eligible Communities(OEC) ലെ ഒ.ഇ.സി(പട്ടിക വർഗം) 13 വിഭാഗക്കാരേയും ,ഒ.ഇ.സി. (പട്ടികജാതി) 7 വിഭാഗക്കാരേയും മാത്രമേ ഒ.ഇ.സി.യുടെ ചെക്ക് ബോക്സിൽ '✓' മാർക്ക് ചെയ്യാവൂ.**

ട്രയൽ അലോട്ട്മെൻറ് പ്രവർത്തനങ്ങൾ 2024 മേയ് 25 ന് വൈകിട്ട് തന്നെ ആരംഭിച്ചതിനാൽ മേയ് 27 ന് പ്രസിദ്ധീകരിച്ച എസ്.എസ്.എൽ.സി റീ-വാലുവേഷൻ റിസൾട്ട് ട്രയൽ അലോട്ട്മെൻറിൽ പരിഗണിച്ചിട്ടില്ല. എസ്.എസ്.എൽ.സി റീ-വാലുവേഷനിലൂടെ ഗ്രേഡ് വ്യത്യാസം വന്നിട്ടുള്ള അപേക്ഷകളിൽ ഒന്നാമത്തെ അലോട്ട്മെൻറിൽ വ്യത്യാസം വന്ന ഗ്രേഡ് ഉൾപ്പെടുത്തുന്നതായിരിക്കും. മറ്റ് സ്കീമുകളിൽപ്പെട്ട എസ്.എസ്.എൽ.സി (എച്ച്.ഐ), റ്റി.എച്ച് .എസ്.എൽ.സി തുടങ്ങിയ അപേക്ഷകർ ട്രയൽ അലോട്ട്മെൻറ് പ്രസിദ്ധീകരിച്ച ശേഷമുള്ള തിരുത്തലിൻെറ അവസരത്തിൽ മാറ്റം വന്ന ഗ്രേഡ് ഉൾപ്പെടുത്തേണ്ടതാണ്.

## റാങ്ക് പരിശോധന

റാങ്ക് പരിശോധിക്കുമ്പോൾ ട്രയൽ അലോട്ട്മെൻറിലോ ആദ്യ അലോട്ട്മെൻറിലോ കടന്ന് കൂടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് റാങ്കനമ്പർ സംബന്ധിച്ച് ചില ആശങ്കകൾ ഉണ്ടാകാം.ഉദാഹരണത്തിന് അപേക്ഷിച്ച സ്കൂളിൽ 50/60 സീറ്റുകൾ മാത്രമാണുള്ളതെന്ന് വിദ്യാർത്ഥിയ്ക്കറിയാമെന്നിരിക്കട്ടെ,റാങ്ക് പരിശോധിക്കുമ്പോൾ മുന്നൂറിനോ നാനൂറിനോ മുകളിലുള്ള റാങ്കാണെന്ന് കാണുമ്പോൾ തനിക്ക് ഈ സ്കൂളിൽ ഒരിക്കലും പ്രവേശനം ലഭിക്കില്ലെന്ന് ആ വിദ്യാർത്ഥിയ്ക്ക് തോന്നാം. എന്നാൽ ഈ ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല, കാരണം പ്രസ്തുത സ്കൂളിലെ വിഷയ കോമ്പിനേഷൻ ഏതെങ്കിലും ഓപ്ഷനായി നൽകിയിട്ടുള്ള ജില്ലയിലെ എല്ലാ അപേക്ഷകരുടേയും റാങ്കാണ് ഇവിടെ കണക്കാക്കിയിരിക്കുന്നത്. ഈ അപേക്ഷകരെല്ലാം ഇതേ സ്കൂളിൻെറ അലോട്ട്മെൻറ് ലിസ്റ്റിൽ വരണമെന്നില്ല.അപേക്ഷകരുടെ മെരിറ്റനുസരിച്ച് കൂടുതൽ മെച്ചപ്പെട്ട അവരുടെ മറ്റ് ഓപ്ഷനുകളിൽ അലോട്ട്മെൻറ് ലഭിക്കാം.അത് കൊണ്ട് താഴ്ന്ന റാങ്കുകാർക്കും അലോട്ട്മെൻറ് ലഭിക്കുവാനിടയുണ്ട്

## തെറ്റായ വിവരങ്ങൾ അപേക്ഷയിലുണ്ടായാൽ

ബോണസ് പോയിൻറുകൾ ലഭിക്കുന്ന വിവരങ്ങൾ,ടൈ ബ്രേക്കിനുപയോഗിക്കുന്ന വിവരങ്ങൾ, അപേക്ഷകൻെറ കാറ്റഗറി മുതലായവ ഉൾപ്പെടെ അലോട്ട്മെൻറിനെ ബാധിക്കുന്ന ഒന്നും പ്രോസ്പെക്ടസിൽ അവശ്യപ്പെട്ടിരിക്കുന്ന സർട്ടിഫിക്കറ്റുകളില്ലാതെ അവകാശപ്പെടരുത്.ഇങ്ങനെ ലഭിക്കുന്ന അലോട്ട്മെൻറുകൾ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാതിരുന്നാൽ റദ്ദാക്കുകയും വിദ്യാർത്ഥിയുടെ പ്രവേശനാവസരം നഷ്ടപ്പെടുകയും ചെയ്യും.

## ട്രയൽ പരിശോധിക്കുവാനുള്ള സമയപരിധി

**2024 മേയ് 31 ന് വൈകിട്ട് 5 മണിവരെ** അപേക്ഷകർക്ക് ട്രയൽ അലോട്ട്മെൻറ് ലിസ്റ്റ് പരിശോധിക്കാം.എന്തെങ്കിലും തിരുത്തലുകൾ ആവശ്യമാണെങ്കിൽ ക്യാൻഡിഡേറ്റ് ലോഗിനിലെ Edit Application എന്ന ലിങ്കിലൂടെ ആവശ്യമായ തിരുത്തലുകൾ /ഉൾപ്പെടുത്തലുകൾ **2024 മേയ് 31 ന് വൈകിട്ട് 5 മണിക്കുള്ളിൽ നടത്തി ഫൈനൽ കൺഫർമേഷൻ ചെയ്യേണ്ടതാണ്.** 2024 മേയ് 25 ന് വൈകിട്ട് 5 മണിയ്ക്കുള്ളിൽ ഫൈനൽ കൺഫർമേഷൻ നൽകാതിരുന്ന അപേക്ഷകർക്ക് ഈ അവസരത്തിൽ ഫൈനൽ കൺഫർമേഷൻ നടത്തി അപേക്ഷകൾ അന്തിമമായി സമർപ്പിക്കാവുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**